പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1289

08.02.2013-ൽ മറുപടി
നൽകേണ്ടത്

ഉടുമ്പൻചോല താലൂക്കിൽ കുടിയേറിയ കർഷകരുടെ ഭൂമിക്ക് പട്ടയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഉടുമ്പൻചോല താലൂക്കിൽ 1977 ജനവരി ഒന്നിനുമുമ്പ് കുടിയേറിയ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര പേർക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട് ; | (എ) ഉടുമ്പൻചോല താലൂക്കിൽ 01.01.1977 ന് മുമ്പ് കുടിയേറിയ കർഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായ വർക്ക് പട്ടയം നൽകി വരുന്നുവെന്നും ആകെ 111527 അപേക്ഷകൾ ലഭിച്ചിട്ടുള്ള തിൽ 13422 പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) 1977 ജനവരി ഒന്നിനുമുമ്പ് കുടിയേറിയ കർഷകരുടെ ഭൂമി കുത്തകപാട്ടമാണ് എന്ന് ചൂണ്ടിക്കാട്ടി പട്ടയം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) 01.01.1977 ന് മുമ്പ് കുടിയേറിയ കർഷകരുടെ ഭൂമി ലാന്റ് രജിസ്റ്റർ പ്രകാരം ഏലം കുത്തകപ്പാട്ടമാണെന്ന് രേഖപ്പെട്ടത്തിയിട്ടുള്ളപക്ഷം പട്ടയം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1993 ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടം 2 (എഫ്) പ്രകാരം 01.01.1977 ന് മുമ്പ് ഏലം അല്ലാതെയുള്ള കൃഷിക്കായി പരിവർത്തനം ചെയ്തിട്ടുള്ള കാർഡമം റിസർവ്ഡ് ഭൂമിക്ക് മാത്രമേ പട്ടയം നൽകുവൻ സാധിക്കുകയുള്ളൂ. |
| (സി) 1977 നുമുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും കാലവിളംബം കൂടാതെ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) 01.01.1977 ന് മുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ